Monthly Price Rs. 4/- 2012



# ബൈബിൾ ട്രൂത്ത്

ദൈവത്തിന്റെ വചനം

THE BIBLE TRUTH

**ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3**

| വിശ്വാസ പ്രമാണം ആവശ്യമാണ് 'എങ്കിൽ'... | മനുഷ്യർക്ക് അധികാരം ഉണ്ട് 'എങ്കിൽ'... | ഏതെങ്കിലും പേർ മതി 'എങ്കിൽ'... | രക്ഷ സഭയ്ക്കു പുറത്ത് ഉണ്ട് 'എങ്കിൽ'... | നിങ്ങൾ രക്ഷ മാറ്റി വെക്കുന്നു 'എങ്കിൽ'... |
|---|---|---|---|---|
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ 3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ 11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ 2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**
**000**

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 26** **May 2012** **No.2**


# എഡിറ്റോറിയൽ

മനുഷ്യരെല്ലാവരും ദൈവത്തിന്റെ സൃഷ്ടികളും അവന്റെ സന്താനങ്ങളുമാണ്. ആണും പെണ്ണുമായിട്ടാണ് ദൈവം ആദ്യം അവരെ സൃഷ്ടിച്ചത്. പിന്നീട് അവർക്ക് സന്താനോൽപാദനശേഷി പ്രദാനം ചെയ്തു. അപ്പോൾ മനുഷ്യോൽപത്തി മറ്റൊന്നിൽനിന്നുമായിരുന്നില്ല, സർവ്വശക്തനായ ദൈവത്തിൽനിന്നു തന്നെയായിരുന്നു. ആ വിശ്വാസവും തിരിച്ചറിവും എല്ലാവരിലും ഇല്ല. മനുഷ്യർക്കിടയിൽ സ്പർദ്ധയും വിദ്വേഷവും ഉടലെടുക്കുവാൻ കാരണം അവരുടെ നിഷേധ സ്വഭാവ വൈകൃതം നിമിത്തമാണ്. അതായത് ദൈവകൽപനക്ക് വിധേയമായി ജീവിക്കുന്നതിൽ പരാജയപ്പെടുമ്പോൾ, അവന്റെ അല്ലെങ്കിൽ അവളുടെ ചിന്തയും പ്രവൃത്തിയും വിഭിന്നമായി തീരുന്നു. ശരിയായ കാഴ്ച്ചപ്പാട് നഷ്ടപ്പെടുന്നതുകൊണ്ടാണ് ആളുകൾ തങ്ങളുടെ ഉദ്ദേശം മനസിലാക്കാതെ പോകുന്നത്. നമ്മുടെ അറിവോ സമ്മതമോ കൂടാതെ നമ്മെ ദൈവം ഈ ഭൂമിയിലാക്കിയിരിക്കുകയാണ്. അപ്പോൾ ഇവിടെ നമ്മെ ആക്കിയവന്ന് നമ്മെ കുറിച്ച് ഒരു ഉദ്ദേശമുണ്ട്. അത് എല്ലാവരും മനസിലാക്കണം.

അടിസ്ഥാനപരമായി മനുഷ്യരിലെല്ലാവരിലും ഉത്ഭവത്തിൽ തന്റെ ആത്മാവിനെ നൽകിയാണ് ഭൗമികജീവിതത്തിന് അവസരം ഒരുക്കുന്നത്. നാം നല്ലവരായി ജീവിക്കേണ്ടതിനാണ് അത്. പക്ഷെ ഒരു ഘട്ടത്തിൽ നാം നന്മക്ക് പകരം തിന്മ തിരഞ്ഞെടുക്കുമ്പോൾ ദൈവത്തിന്റെ ആത്മാവിനെ ദൈവം തിരിച്ചെടുക്കുന്നു. അപ്പോൾ മുതലാണ് നമ്മുടെ ജീവിതം തലതിരിയുന്നത്. പിന്നീട് നമുക്ക് നമ്മെ നിയന്ത്രിക്കുവാൻ കഴിയാതെ വരുന്നു. പാപത്തിന് നമ്മെ അടിമയാക്കുന്നു. പാപമോചനം മനുഷ്യരാൽ അസാധ്യമായത് ദൈവം മനസിലാക്കി മനുഷ്യരോട് ദയവ്

കാണിച്ചു തന്റെ പുത്രനെ ഭൂമിയിലേക്ക് അയച്ച് പാപത്തിന് ജഡത്തിൽ ശിക്ഷ വിധിക്കുകയും മനുഷ്യർക്ക് ക്രിസ്തുവിന്റെ യാഗം മുഖാന്തരം ദൈവത്തോട് അടുക്കുവാൻ അവസരം ഒരുക്കുകയും ചെയ്തു. ദൈവം പരിശുദ്ധനാണ്. അതേ സമയം അവൻ നീതിമാനാണ്. പാപം ചെയ്യുന്ന ദേഹി മരിക്കണം എന്നതാണ് ദൈവനിയമം. ദൈവത്തിൽനിന്ന് മനുഷ്യരെ ഭിന്നിപ്പിക്കുന്നത് പാപമാണ്. മനുഷ്യരെ മനുഷ്യരിൽനിന്നും അകറ്റുന്നതും മറ്റൊന്നല്ല. ധർമ്മമല്ലാത്ത പ്രവൃത്തികൾ ഇന്ന് സമൂഹത്തെ ഗ്രസിച്ചു കൊണ്ടാണിരിക്കുന്നത്. അധർമ്മം പെരുകുവാൻ കാരണം ദൈവത്തിന്റെ ദിവ്യത്വവും ശക്തിയും അവർ തിരിച്ചറിയുന്നില്ല. അധർമ്മം പെരുകുന്നതുകൊണ്ട് സമൂഹത്തിൽ അന്യോന്യം സ്നേഹമില്ല. സ്നേഹം ദൈവസ്വഭാവമാണ്.

ആത്മികജീവിതത്തിന് പകരം ഭൗതികജീവിതത്തിനും മൂല്യങ്ങൾക്കും ഊന്നൽ നൽകുന്ന മനുഷ്യർ ദൈവത്തെയും ദൈവത്തിന്റെ ഉദ്ദേശത്തെയും മറക്കുകയാണ്. നാം ശരീരത്തേക്കാൾ ആത്മാവിനേയും ഭൗതികജീവിതത്തേക്കാൾ ആത്മികജീവിതത്തേയും കരുതണം. അതാണ് കർത്താവ് നമ്മോട് ആജ്ഞാപിച്ചിരിക്കുന്നത്. ലോകത്തിന്റെ വഴി അപകടത്തിലേക്കുള്ളതാണ്. ദൈവവഴി നിത്യതയിലേക്കുള്ളതാണ്. ദൈവത്തോടുകൂടിയുള്ള ജീവിതമാണ് മനുഷ്യരിൽ സന്തോഷവും സമാധാനവും പകരുന്നത്. ദൈവത്തെ വിട്ട് നമുക്ക് ഒരു സന്തോഷമോ സമാധാനമോ ലഭ്യമല്ല. എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ദൈവത്തിൽനിന്നാണ് വരുന്നത്. ദൈവത്തെ പ്രസാദിപ്പിക്കയും ദൈവത്തിന് മഹത്വം കൊടുക്കുകയും ചെയ്യുമ്പോഴാണ് മനുഷ്യജീവിതം ധന്യമാകുന്നത്. സ്വന്തവിവേകത്തിൽ ഊന്നി ജീവിക്കുന്നവർ ദുഃഖിക്കുവാനിടവരും. പാപത്തിന്റെ അനന്തരഫലങ്ങളാണ് മനുഷ്യർ അനുഭവിക്കുന്ന നിഷേധ ഫലങ്ങളെല്ലാം. അതിൽനിന്നു വിട്ടുനിൽക്കുന്നവർക്ക് ക്രിയാത്മകശേഷി വർദ്ധിക്കും.

ദൈവം അയച്ച കർത്താവിലും അവന്റെ വചനത്തിലും വിശ്വസിച്ച് രക്ഷക്കുള്ള ദൈവകൽപനകൾ പ്രമാണിക്കുമ്പോൾ ദൈവം നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കയും പരിശുദ്ധാത്മാവിനെ നിങ്ങളിൽ തരികയും തന്റെ സഭയോട് നിങ്ങളെ ചേർക്കുകയും ചെയ്യും. തുടർന്ന് വിശ്വസ്തമായി അവന്റെ സഭയിൽ അവനെ ആരാധിച്ച്, സേവിക്കുക. അതാണ് എല്ലാ മനുഷ്യരേയും കുറിച്ചുള്ള ദൈവേഷ്ടം.

✶

# ദൈവത്തെ പരിഹസിക്കാതിരിക്കുക

## J.C. ചോട്ട്

നിങ്ങൾ ആരെയെങ്കിലും പരിഹസിച്ചിട്ടുണ്ടോ? അതുകൊണ്ട് നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്? മറ്റൊരാളെ തരം താഴ്ത്തുന്നതിൽ സന്തോഷിക്കുകയാണ്. അതേ സമയം നിങ്ങളെ മറ്റൊരാൾ പരിഹസിച്ചാൽ നിങ്ങൾക്ക് അത് വിഷമവുമായിരിക്കും. ആരെങ്കിലും നിങ്ങളെ തരം താഴ്ത്തിയിട്ടുണ്ടെങ്കിൽ ആ അനുഭവം നിങ്ങളെ എത്രമാത്രം വേദനിപ്പിച്ചിരിക്കുമെന്ന് പറഞ്ഞറിയിക്കേണ്ട കാര്യമില്ലല്ലോ. അത്തരം സാഹചര്യം ഉണ്ടാകാതിരുന്നെങ്കിൽ എന്ന് നിങ്ങൾ വിചാരിക്കും. മറ്റൊരാളുടെ വികാരത്തെ വ്യണപ്പെടുത്തുന്ന യാതൊരു പ്രവൃത്തിയും നമ്മിൽനിന്നുണ്ടാകരുത് എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. നിങ്ങൾ ഒരാളെ പരിഹസിക്കുമ്പോൾ, അയാൾ നിങ്ങളേക്കാൾ വളരെ ചെറുതാകുവാൻ ആഗ്രഹിക്കുന്നതുകൊണ്ടാണോ അങ്ങനെ ചെയ്യുന്നത്? നമ്മുടെ ജീവിതവും സംസാരവും പെരുമാറ്റവും മറ്റുള്ളവർക്ക് പ്രയോജനപ്പെടണം എന്ന ലക്ഷ്യത്തോടെയാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്.

മനഷ്യർ തമ്മിൽ തമ്മിൽ പറയുന്ന ഇത്തരം പരിഹാസ്യവാക്കുകൾ വേദനാജനകമാണെന്ന് എല്ലാവരും സമ്മതിക്കും. മനുഷ്യരുടെ അവസ്ഥ ഇങ്ങനെയാണെങ്കിൽ ആളുകൾ ദൈവത്തെ പരിഹസിക്കുന്നതോ? എന്താണ് ദൈവത്തെ പരിഹസിക്കുക എന്നു പറഞ്ഞാൽ? ആളുകൾ ദൈവത്തെ ഏതെല്ലാം വിധത്തിലാണ് പരിഹസിക്കുന്നത്? നമ്മുടെ ഈ ലേഖനത്തിൽ കൂടെ അതുമായി ബന്ധപ്പെട്ട ഏതാനും കാര്യങ്ങൾ നമുക്ക് പരിശോധിക്കാം. പരിഹാസം ദൈവത്തോടായാൽ അതെത്രമാത്രം ദൈവത്തിന് സഹിക്കുവാൻ കിഴിയും എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? തങ്ങളുടെ ജീവിതത്തിൽ ദൈവം ആവശ്യമില്ലാത്ത വിധത്തിൽ അവർ ദൈവത്തെ തള്ളിക്കളഞ്ഞിരിക്കുകയാണ്.നല്ലൊരു ശതമാനം ആളുകൾ ദൈവത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിലും അവനെ വൃഥാ വിളിച്ചുകൊണ്ടാണിരിക്കുന്നത്. ദൈവനാമം വൃഥാ എടുക്കരുത് എന്ന് ദൈവം കൽപിച്ചിട്ടുണ്ട്.

ആശയവിനിമയത്തിന് പദപ്രയോഗങ്ങൾ അനിവാര്യമാണ്. പക്ഷെ അവ ഉപയോഗിക്കുന്നത് ഉപകാരപ്രദമായ രീതിയിലാകണം, അല്ലാതെ ദൈവത്തെ വേദനിപ്പിക്കുന്ന വിധത്തിലാകരുത്. കോപം വന്നാൽ ആളുകളുടെ ഭാഷ മോശമാകും. അതാണോ വാസ്തവത്തിൽ കോപം അടക്കുവാനുള്ള മാർഗം? ഒരിക്കലുമല്ല. പ്രകോപനം ഉണ്ടാകുന്ന രീതിയിൽ ആരെങ്കിലും സംസാരിച്ചാൽ അതിനുത്തരവാദിയായവർ ക്ഷമയോടെ, സഹിഷ്ണുതയോടെ അതിനെ അതിജീവിക്കുവാൻ ശ്രമിക്കണം. പലപ്പോഴും സംഭവിക്കുന്നത് നേരെ വിപരീതമായിരിക്കും. ദൈവത്തിൽനിന്നാണ് സകല മനുഷ്യർക്കും ആവശ്യമുള്ളത് ലഭിക്കുന്നത്. സമയാസമയങ്ങളിൽ നാം ആഹാരം കഴിക്കുന്നു. ആഹാരത്തിന് മുൻപിൽ ഇരിക്കുമ്പോൾ നമ്മുടെ മനോഭാവം അത് നൽകിയ ദൈവത്തിന് നന്ദി ചെലുത്തുന്നതായിരിക്കണം.

ദൈവം തരുന്ന അനുഗ്രഹങ്ങളെ അറിയാത്തവരായിട്ടല്ല നാം ജീവിക്കേണ്ടത്. മറിച്ച് അത് ബോധ്യമുള്ളവരായി വേണം ജീവിക്കുവാൻ. ദൈവകൽപനകൾക്കു മുകളിൽ തങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾ നിവർത്തിക്കുവാൻ ഇഷ്ടപ്പെടുന്നവരാണ് അധികവും. ഈ വഴിയിൽ കൂടെ അല്ലെങ്കിൽ മറ്റൊരു വഴിയിൽ കൂടെ രക്ഷ പ്രാപിക്കുവാൻ കഴിയുമെന്ന് കരുതുന്ന ആളുകളെ കുറിച്ച് ചിന്തിക്കുക. യേശുവിന്റെ നാമത്തെ ഉപേക്ഷിച്ച് മനുഷ്യരുടെ നാമം എടുത്തിരിക്കുന്ന നാമധേയ വിഭാഗങ്ങളെ കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? അവർ അങ്ങനെ ചെയ്യുക മാത്രമല്ല, പേരിൽ എന്തിരിക്കുന്നു എന്ന് പറഞ്ഞ്, യേശുവിന്റെ നാമത്തെ തുഛീകരിക്കുകയും ചെയ്യുന്നു. അവർ പറയുന്നത് എവിടെ ആരാധിച്ചാലും എങ്ങനെ ആരാധിച്ചാലും കുഴപ്പമില്ല എന്നാണ്. സ്വർഗത്തിലേക്ക് അനേകവഴികൾ ഉണ്ടെന്ന് വിശ്വസിക്കുന്നവരും ഇല്ലാതില്ല.

തങ്ങൾ ഇപ്പോൾ അംഗമായിരിക്കുന്ന വിഭാഗം തെറ്റായാലും അതിൽത്തന്നെ ഉറച്ചു നിൽക്കുകയാണ് നല്ലതെന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ ഈ കാര്യങ്ങളിലെല്ലാം ദൈവത്തിന് എന്തു തോന്നുമെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? അതിന് ദൈവത്തെ കുറിച്ച് അധികം ചിന്തിക്കുവാൻ ആളുകൾക്ക് സമയമില്ല. കാരണം ലോകത്തിലുള്ള മിക്ക ആളുകളും ലോകത്തിന്റെ ഒഴുക്കിനനുസരിച്ച് നീന്തിക്കൊ

ണ്ടാണിരിക്കുന്നത്. കർത്താവ് ഏക സഭ സ്ഥാപിച്ച് അതിലേക്ക് ആളുകളെ ചേർത്തുകൊണ്ടിരിക്കുമ്പോൾ, ആളുകൾ പറയുന്നത് ഒരു സഭ പോലെ തന്നെയാണ് മറ്റുള്ള ഓരോന്നും എന്നാണ്. കർത്താവ് മരിച്ച് തന്റെ രക്തം കൊടുത്ത് സമ്പാദിച്ചതാണ് സഭ.രക്ഷക്ക് യേശുക്രിസ്തുവിന്റെ നാമം അല്ലാതെ മറ്റൊരു നാമമില്ല. ദൈവിക ഭരണത്തിന് മറ്റൊരു മാർഗവുമില്ല. സഭയ്ക്ക് പ്രാധാന്യം കൊടുക്കാത്തവർ ദൈവത്തിന് പ്രാധാന്യം കൊടുക്കാത്തവരാണ്. ദൈവത്തിന് പ്രഥമ സ്ഥാനം കൊടുക്കാത്തവർ അതിന് പകരം മറ്റെന്തെങ്കിലും സ്വീകരിക്കുന്നവരാണ്.

ദൈവത്തിന്റെ കൽപനകൾക്ക് പകരം മാനുഷിക കൽപന ആചരിക്കുന്നവരും ദൈവത്തെ തങ്ങളുടെ ജീവിതത്തിൽനിന്ന് മാറ്റി നിർത്തുകയാണ്. ഇങ്ങനെയുള്ള പ്രവൃത്തികൾ ദൈവത്തെ പരിഹസിക്കുകയല്ലാതെ മറ്റെന്താണ് ചെയ്യുന്നത്? അറിഞ്ഞോ അറിയാതെയോ തങ്ങളുടെ നിഷേധ സ്വഭാവത്താൽ അവർ ദൈവത്തെ പരിഹസിക്കുകയാണ്. ജീവനുള്ള ദൈവത്തെ തള്ളിക്കളഞ്ഞ് ജീവനില്ലാത്തവക്ക് ദൈവികശക്തിയുണ്ടെന്ന് സങ്കൽപിക്കുന്നവരും അവരുടെ മൗഢ്യമായ പ്രവർത്തികളാൽ ദൈവത്തെ നിന്ദിക്കുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ വഴി പോലെ തങ്ങളുടെ വഴിയും നല്ലതാണ് എന്ന് വിചാരിക്കുന്നവരുണ്ട്. വേറെ ചിലർ കരുതുന്നത് ഏത് പാപം ചെയ്താലും ദൈവം ക്ഷമിക്കുമെന്നാണ്. അതുകൊണ്ട് അവർ പാപം ചെയ്തുകൊണ്ടിരിക്കും. അതും ദൈവത്തെ നിഷേധിക്കലാണ്. പാപത്തിന് എന്നായാലും ശിക്ഷ ലഭിക്കാതിരിക്കയില്ല. പക്ഷെ ഒരിക്കൽ മനുഷ്യരെല്ലാവരും തങ്ങളുടെ പ്രവർത്തികൾക്ക് ദൈവത്തോട് കണക്ക് കൊടുക്കേണ്ടിവരും. ഒരിക്കൽ എല്ലാ മുഴങ്കാലും അവന്റെ മുൻപിൽ മടങ്ങുകയും എല്ലാ നാവും അവനെ കർത്താവ് എന്നു ഏറ്റു പറയുകയും ചെയ്യും എന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. ക്രിസ്തുവിലുള്ള ഭക്തിയെ അധിക്ഷേപിക്കുന്ന ആളുകളുണ്ട്. അവരെയും ദൈവത്തെ അറിയാതെ ജീവിക്കുന്നവരെയും സുവിശേഷം അനുസരിക്കാത്തവരെയും ദൈവം വിധിക്കും. ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് അതി ഭയങ്കരമാണ്.

✶

# 'ഇല്ല' എന്ന് പറയുവാൻ പഠിപ്പിക്കുക

**ജെ. നോസ്കോ**

മയക്കുമരുന്നുകളുടെ ഉപയോഗത്തിനെതിരെ അനേക സന്നദ്ധ സംഘടനകളും സർക്കാരുകളും ആഞ്ഞടിച്ചിട്ടുണ്ട്. കവികളും സാംസ്ക്കാരിക നായകന്മാരും അതിനെതിരായി അപലപിച്ചിട്ടുണ്ട്. മുഖ്യലക്ഷ്യം ജനങ്ങൾ അവ ഉപയോഗിക്കാതിരിക്കണം എന്നതാണ്. വേണ്ട അല്ലെങ്കിൽ ഇല്ല എന്ന് അത്തരം വസ്തുക്കളോടു പറയുവാൻ കഴിയണം. ലഹരിപദാർത്ഥങ്ങൾ മനുഷ്യന്റെ ക്രിയാത്മക ശേഷി ഇല്ലാതാക്കുകയും ശാരീരികവും മാനസികവുമായ ബലഹീനതയിലേക്ക് മാറുകയും ചെയ്യും. മനസിനെ നിയന്ത്രിക്കുവാൻ കഴിവില്ലാത്ത ബലഹീനരാണ് ഇത്തരം സ്വഭാവങ്ങൾക്കിരയായി തീരുന്നത്. മയക്കുമരുന്നുകളും ലഹരിപദാർത്ഥങ്ങളും ആളുകളുടെ ബുദ്ധിയെ തന്നെ നിർവീര്യമാക്കുമെന്ന യാഥാർത്ഥ്യം പലരും പിന്നീടാണ് തിരിച്ചറിയുന്നത്.

ഇത്തരം ദുഷ്പ്രവണതകൾക്ക് ആളുകൾ ഇരകളായി തീരാതിരിക്കുവാൻ സുവിശേഷപ്രചരണം ജനങ്ങൾക്കിടയിൽ പ്രചരിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ അവയ്ക്ക് അടിമപ്പെട്ട ആളുകൾ അതിൽനിന്നു മോചനം ആഗ്രഹിച്ചിരുന്നെങ്കിലും അവർക്ക് അധികം പേർക്കും അതിന് കഴിയാതെ വന്നു. ഒരിക്കൽ ഇത്തരം ദുശീലങ്ങൾക്ക് അടിമപ്പെട്ടാലുള്ള സ്ഥിതി അതാണ്. സ്വന്തം തീരുമാനമനുസരിച്ചാണ് ഇവ ശീലിക്കുന്നത്. പക്ഷെ പിന്നീട് അതിനെതിരായി സ്വന്തം തീരുമാനം മാറ്റുവാൻ കഴിയാതെ വിഷമിക്കുകയാണ് പലരും. നിരവധി കുടുംബങ്ങൾ ഇതു മൂലം തീരാദുഃഖത്തിലാണ്. നിങ്ങളുടെ പ്രദേശങ്ങളിൽ ഇതുപോലെയുള്ള ആളുകളുണ്ടോ. മദ്യപാനത്തിനും മയക്കുമരുന്നിനും അടിമകളായവരെ ചികിൽസിച്ച് ഭേദമാക്കുവാൻ ശ്രമിക്കുന്ന ആസ്പത്രികൾ ഇന്നു നിലവിലുണ്ട്. ആളുകളെ അതിൽനിന്നു പിന്തിരിപ്പിക്കുവാൻ അവരെ ബോധവൽക്കരണം നടത്തുന്ന സംഘടനകളുണ്ട്. അതെല്ലാമുണ്ടായിട്ടും തിന്മ സമൂഹത്തിൽ ഇല്ലാതാകുന്നില്ല. മനുഷ്യരെ നശിപ്പിക്കുന്ന ഇത്തരം വസ്തുക്കൾ നിർമ്മിക്കുന്നവരും അതുണ്ടാക്കി ലാഭം കൊയ്യുന്നവരും ധാർമ്മികമായി ചിന്തിക്കേണ്ടതാണ്. അവരും ഇതിന് ഉത്തരവാദികളാണ് എന്നതിൽ തർക്കമില്ല.

പലരും കണ്ണു തുറക്കുന്നത് ചിലപ്പോൾ ദുരന്തങ്ങൾ ജീവിതങ്ങളെ കവർന്നെടുക്കുമ്പോഴായിരിക്കും.യാദൃശ്ചികമായി ഉണ്ടാകുന്ന ഒന്നല്ല ഇത്, ദീർഘനാളത്തെ കൂട്ടുകെട്ടിനും ആലോചനക്കും ശേഷമായിരിക്കും ഇത് ആരംഭിക്കുക.സ്വയ-നശീകരണ പാപം എനിക്ക് വേണ്ട എന്ന് ഓരോരുത്തരും പറയുവാനും അതിൽ ഉറച്ചു നിൽപാനും ദൈവസഹായം വേണം. പാപം വശീകരിക്കുന്നതും വഴിപിഴപ്പിക്കുന്നതുമാണ്. എളുപ്പത്തിൽ പരീക്ഷിക്കപ്പെടുന്ന പ്രായമാണ് യുവത്വം. ഏത് സാഹചര്യത്തിലും പരീക്ഷണം അതിജീവിക്കുവാൻ സഹായകരമാണ് ദൈവഭക്തി. ദൈവഭക്തനായ യോസേഫിന് പല പരീക്ഷണങ്ങൾ നേരിടുകയുണ്ടായി. സ്വന്ത സഹോദരങ്ങളാൽ ത്യജിക്കപ്പെടുകയും വിൽക്കപ്പെടുകയും ചെയ്ത് അന്യദേശത്തേക്ക് പോകേണ്ടിവന്നു. മിസ്രയിമിൽ അവന് നല്ലൊരു സ്ഥാനം ലഭിച്ചു. പൊത്തിഫേറിന്റെ കാര്യവിചാരകനായി തീരുകയും മാനിക്കപ്പെടുകയും ചെയ്തു.

എന്നാൽ പൊത്തിഫേറിന്റെ ഭാര്യ യോസേഫിനെ വ്യഭിചാരത്തിനായി ക്ഷണിച്ചു. അതിന് അവൻ ശങ്കിച്ചപ്പോൾ അവൾ അവന്റെ വസ്ത്രത്തിൽ കടന്നു പിടിച്ചു. അവൻ വസ്ത്രം ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞു. തൽഫലമായി അവൾ അവനിൽ കുറ്റം ചുമത്തി അവനെ തടവിലാക്കി. ഏത് കഷ്ടം സഹിക്കേണ്ടിവന്നാലും അവൻ തന്നെ പാപത്തിന് വിട്ടുകൊടുത്തില്ല. അവന് മുഖ്യം ദൈവത്തോടുള്ള അവന്റെ ഭക്തിയായിരുന്നു. അതിന് കളങ്കം വരുത്തുവാൻ അവൻ ആഗ്രഹിച്ചില്ല. യുവത്വത്തിൽ തെറ്റിപ്പോകാതിരിക്കേണ്ടതിന് സൃഷ്ടികർത്താവിനെ ഓർത്തുകൊൾക എന്നാണ് തിരുവചനം നമ്മെ പ്രബോധിപ്പിക്കുന്നത്. തിരുവെഴുത്ത് നമ്മുടെ ഹൃദയങ്ങളിൽ സൂക്ഷിച്ചാൽ പാപം നമ്മുടെ ഉള്ളിലേക്ക് കടന്നു വരികയില്ല.

യുവാക്കൾ ഈ ലേഖനം വായിച്ച് എപ്പോഴും പാപസ്വഭാവത്തിൽനിന്ന് വിട്ടുനിൽക്കുവാൻ പരിശീലിക്കണം. യോസേഫ് ദൈവഭക്തിയിൽ ഉറച്ചുനിന്നതുകൊണ്ട് ദൈവം അവനെ അനുഗ്രഹിച്ചുകൊണ്ടിരുന്നു. ഇന്നത്തെ യുവാക്കൾക്കും അതിനു കഴിയും.

✶

# അനാഥരെയും വിധവമാരെയും മറ്റും കരുതൽ

**വെന്റൽ വിങ്ക്ലർ**

ഓരോ സമയവും യെരുശലേം സഭ വളർന്നിരുന്നതായി പറഞ്ഞിരിക്കുന്നു. നമുക്ക് അറിയാം സഭ ആരംഭിച്ചത് യെരുശലേമിലായിരുന്നു. യെരുശലേം സഭ വളർന്നത് എങ്ങനെയെന്ന് നമുക്ക് തിരുവെഴുത്തിൽനിന്നു മനസിലാക്കാം. മുട്ടുള്ളവരുടെ മുട്ട് തീർക്കുകയും ആവശ്യങ്ങളുള്ളവരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കയും ചെയ്തിരുന്നു. ദൈവവചനം അറിയിക്കുകയും സൽപ്രവൃത്തികളിൽ ശുഷ്ക്കാന്തി കാണിക്കയും ചെയ്തതിനാൽ ആ പ്രദേശത്തെ സഭ വളർന്നു. വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്ന് സകലവും പൊതുവക എന്നെണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റുകൊണ്ടുവന്നു ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിട്ടു(പ്രവൃത്തികൾ 2:44, 45). അവർ ഹൃദയപരമാർത്ഥതയുള്ളവരായിരുന്നു. നിസ്വാർത്ഥസമീപനം ഉള്ളവരായിരുന്നു ആദ്യ ക്രിസ്ത്യാനികൾ. സഭയുടെ വളർച്ചക്ക് ഇത്തരം മനോഭാവം ആവശ്യമാണ്.

ദൈവം ദരിദ്രരെയും ആവശ്യമുള്ളവരെയും കരുതിയിരുന്നു. പഴയനിയമത്തിൽ ദൈവജനമായിരുന്ന യിസ്രായേലിനേയും ദൈവം ഇത് ഓർപ്പിച്ചിരുന്നു. ആറുസംവൽസരം അവരുടെ കൃഷിസ്ഥലങ്ങളിൽ കൃഷി ചെയ്യാം. എന്നാൽ ഏഴാമത്തെ വർഷം അത് ദരിദ്രർക്കായി വെറുതെ ഇടണം. അവർ എടുത്തശേഷം ബാക്കിയുള്ളത് കാട്ടുമൃഗങ്ങൾക്കായി വിട്ടുകൊടുക്കണം എന്നാണ് കൽപിച്ചിരുന്നത്(പുറപ്പാട് 23:10, 11).

ആവശ്യമുള്ളവരെ ദൈവം മറക്കുകയില്ല എന്നതായിരുന്നു ദൈവത്തിന്റെ വാഗ്ദാനം(സങ്കീർത്തനങ്ങൾ 9:18). ദൈവം അവരെ സംരക്ഷിക്കുകയും കാത്തുകൊള്ളുകയും ചെയ്യും(സങ്കീർത്തനങ്ങൾ 12:5). ദൈവം എളിയവനെ പൊടിയിൽനിന്ന് എഴുന്നേൽപിക്കയും ദരിദ്രനെ കുപ്പയിൽനിന്ന് ഉയർത്തുകയും ചെയ്തു(സങ്കീർത്തനങ്ങൾ 113:8). അവൻ അവർക്ക് സങ്കേതവും കോട്ടയും ബലവുമാകുന്നു(സങ്കീർത്തനങ്ങൾ 25:4). അവൻ അവരെ ഒരിക്കലും കൈവിടുകയോ ഉപേക്ഷിക്കയോ ചെയ്കയില്ല(യെശയ്യാവ് 41:17). നിരാലംബരും നിരാശ്രയരുമായവരോട് ദൈവം ദയയും മനസലിവും കാണിക്കുന്നവനാണെന്ന് സങ്കീർത്തനങ്ങൾ 146:5-10 വായിച്ചാൽ

നിങ്ങൾക്ക് ബോധ്യമാകും. ദരിദ്രനെ പീഡിപ്പിക്കുന്നവർക്ക് അയ്യോ കഷ്ടം എന്നാണ് ദൈവം പഴയനിയമത്തിൽ അരുളിച്ചെയ്തിരുന്നത്. ദരിദ്രന്മാരുടെ ന്യായം മറിച്ചുകളവാനും എന്റെ ജനത്തിലെ എളിയവരുടെ അവകാശം ഇല്ലാതാക്കുവാനും വിധവമാർ തങ്ങൾക്ക് കൊള്ളയായി തീരുവാനും അനാഥന്മാരെ തങ്ങൾക്ക് ഇരയാക്കുവാനും തക്കവണ്ണം നീതികെട്ട ചട്ടം നിയമിക്കുന്നവർക്കും അനർത്ഥം എഴുതിവെക്കുന്ന എഴുത്തുകാർക്കും അയ്യോ കഷ്ടം(യെശയ്യാവ് 10:1, 2). അവർ സമൂഹത്തിൽ താഴെ കിടയിലുള്ളവരാണ് എന്ന് വെച്ച് അവരെ ക്ലേശിപ്പിക്കരുത്, അവരോട് നീതിപൂർവ്വമായി പെരുമാറണം എന്നത് ദൈവത്തിന്റെ ഇഛയാണ്.

നീതിമാൻ അഗതികളുടെ കാര്യം അറിയുന്നു. ദുഷ്ടനോ പരിജ്ഞാനം ഇന്നതെന്ന് അറിയുന്നില്ല. ദൈവം ദേവന്മാരുടെ ഇടയിൽ ന്യായം വിധിക്കുന്നു. പക്ഷെ മനുഷ്യരോ നീതികേട് വിധിക്കുന്നു. ദൈവം തന്റെ ജനത്തോട് പറയുന്നത് എളിയവനും ദരിദ്രനും നീതി നടപ്പാക്കി കൊടുപ്പിൻ എന്നാണ്. ന്യായം പാലിക്കുവാനും ദയാതൽപരനായിരിപ്പാനുമല്ലാതെ മറ്റെന്താണ് ദൈവം ആഗ്രഹിക്കുന്നത്? കർത്താവായ യേശുവിൽ കൂടെ ഇന്ന് എല്ലാവർക്കുമായി പുതിയ നിയമം നൽകിയിരിക്കുന്നു. അപ്പൊസ്തലന്മാരെ ക്രിസ്തു പഠിപ്പിച്ചതും അവർ അനുസരിച്ചതും അതു തന്നെയാണ്. അപ്പൊസ്തലനായ പൗലൊസ് പറയുന്നത് കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന് ദാനം കൊടുക്കേണ്ടതിന് കൈകൊണ്ട് നല്ലത് പ്രവർത്തിക്കയത്രെ വേണ്ടത്(എഫെസ്യർ 4:28). മറ്റു അപ്പൊസ്തലന്മാർ പൗലൊസിനും ബർന്നബാസിനും സുവിശേഷ പ്രവർത്തനങ്ങളിൽ കൊടുത്ത നിർദ്ദേശം ദരിദ്രന്മാരെ ഓർത്തുകൊള്ളേണം എന്നായിരുന്നു. അവർ അത് പാലിക്കയും ചെയ്തിരുന്നു.

അപ്പൊസ്തലനായ പൗലൊസ് തെസലൊനിക്യർക്ക് ലേഖനം എഴുതുമ്പോൾ പറയുന്നത് ശ്രദ്ധിക്കുക:ഞങ്ങൾ നിങ്ങളുടെയിടയിൽ ക്രമം കെട്ടു നടന്നിട്ടില്ല. ആരുടേയും ആഹാരം വെറുതെ അനുഭവിച്ചിട്ടില്ല. നിങ്ങളിൽ ആർക്കും ഭാരമായി തീരരുത് എന്നു വെച്ച് ഞങ്ങൾ അദ്ധ്വാനത്തോടും പ്രയാസത്തോടും കൂടെ രാപ്പകൽ വേല ചെയ്തുപോന്നതു അധികാരമില്ലാഞ്ഞിട്ടല്ല. അനുകരിപ്പാൻ ഞങ്ങൾ നിങ്ങൾക്ക് മാതൃകയാക്കിത്തരേണ്ടതിനത്രെ. വേല ചെയ്വാൻ മന

സില്ലാത്തവൻ തിന്നുകയുമരുത്(2തെസലൊനിക്യർ 3:7-10). കർത്താവായ യേശുക്രിസ്തു ഈ കാര്യത്തിൽ നമുക്ക് മാതൃക കാണിച്ചു തന്നിട്ടുണ്ട്. നാം അവനെയാണ് അനുകരിക്കുന്നത്. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണം കൂടെ നോക്കേണം. ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുത്ത് മനുഷ്യനായത് അതുകൊണ്ടാണ്. നമ്മെ ഓരോരുത്തരേയും കുറിച്ചുള്ള കരുതലാണ് യേശുവിന്റെ ത്യാഗത്തിലും യാഗത്തിലും നാം കാണുന്നത്. സൽപ്രവൃത്തികൾ ക്രിസ്തുവിന്റെ മനോഭാവത്തിൽ പെടുന്നതായിരുന്നു. ഈ ചെറിയവരിൽ ഒരുത്തന് നിങ്ങൾ ചെയ്യുന്നത് എനിക്ക് ചെയ്തതാകുന്നു എന്നാണ് കർത്താവ് അരുളിച്ചെയ്തത്(മത്തായി. 25:31-46).

യെശയ്യാവിന്റെ പ്രവചനത്തിൽ പ്രവാചകൻ ദൈവേഷ്ടം മുന്നറിയിച്ചിട്ടുണ്ട്. മനുഷ്യാവതാരമെടുക്കുന്ന മശിഹാ എങ്ങനെയായിരിക്കും കാര്യങ്ങൾ കൈകാര്യം ചെയ്യുക എന്നും പ്രവചിച്ചിരുന്നു. അവൻ കണ്ണുകൊണ്ടു കാണുന്നതുപോലെ ന്യായപാലനം ചെയ്യുകകയില്ല. ചെവികൊണ്ടു കേൾക്കുന്നതുപോലെ വിധിക്കയുമില്ല. അവൻ ദരിദ്രന്മാർക്ക് നീതിയോടെ ന്യായം പാലിച്ചുകൊടുക്കയും ദേശത്തിലെ സാധുക്കൾക്ക് നേരോടെ വിധി കൽപിക്കയും ചെയ്യും( യെശയ്യാവ് 11:3-5). ക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ അവൻ ദരിദ്രരോട് സുവിശേഷം അറിയിക്കയും ദീനക്കാരോടും വ്യാധിക്കാരോടും അവൻ മനസലിവ് കാണിച്ച് അവരെ സൗഖ്യമാക്കുകയും ചെയ്തു. അവന്റെ അടുക്കൽ വന്ന ആരെയും അവൻ നിരാശയോടെ പറഞ്ഞുവിട്ടില്ല. അവന്റെ ദീനാനുകമ്പ അനവധിപേർ അനുഭവിച്ചു. ഇപ്പോൾ അവൻ തന്റെ മനസലിവ് തന്റെ പ്രവർത്തിയിലൂടെ പ്രദർശിപ്പിച്ചുകൊണ്ടാണിരിക്കുന്നത്.

നല്ല ശമര്യക്കാരന്റെ ഉപമ യേശു പഠിപ്പിക്കുന്നുണ്ട്. ഒരു മനുഷ്യൻ കള്ളന്മാരുടേയും കവർച്ചക്കാരുടേയും അക്രമത്തിനിരയായി അർദ്ധപ്രാണനായി വഴിയരികിൽ കിടക്കുന്ന കാഴ്ച്ച കണ്ട് അതുവഴി വന്ന ലേവ്യനും പുരോഹിതനും ഒന്നും ചെയ്യാതെ പൊയ്ക്കളഞ്ഞു. പക്ഷെ ഒരു ശമര്യക്കാരനോ കിടക്കുന്ന മനുഷ്യൻ ആരാണെന്ന് നോക്കാതെ അവന് വേണ്ടുന്നതൊക്കെ ചെയ്ത് അവന് വേണ്ട താമസസൗകര്യവും ഭക്ഷണവുമെല്ലാം ഏർപ്പാട് ചെയ്യുന്നു.

ആപത്തിൽ ഒരാളെ സഹായിക്കുന്നതാണ് വാസ്തവത്തിൽ മനുഷ്യത്വമെന്ന് നാം വിശേഷിപ്പിക്കുന്ന സ്വഭാവം. നമ്മുടെ യഥാർത്ഥ സ്നേഹിതൻ ആരാണെന്ന് യേശു ഈ ഉപമയിൽകൂടെ ബോധ്യപ്പെടുത്തി തരികയാണ്. നല്ല ശമര്യക്കാരൻ തനിക്കുള്ളത് മറ്റൊരാളുടെ ആവശ്യത്തിനായി ഉപയോഗിക്കുന്നു. തന്റെ കണ്ണും കയ്യും കാലും പണവുമെല്ലാം മറ്റൊരാളുടെ രക്ഷക്കായി ഉപയോഗിക്കുകയാണ്. അയാളുടെ തത്വം എന്തെന്നാൽ എനിക്കുള്ളത് നിങ്ങളുടേതുകൂടിയാണ്, അത് ഞാൻ നിങ്ങളുമായി പങ്കുവെക്കുന്നു(ലൂക്കൊസ് 10:25-37).

പ്രാരംഭ സഭകൾ ഈ തത്വം അവരുടെ ജീവിതശൈലിയാക്കിയിരുന്നതായി നമുക്ക് കാണാം. ആളുകൾ മനുഷ്യരെ സ്നേഹിക്കാതെ മതത്തെ സ്നേഹിക്കുന്നു. അത് വിരോധാഭാസമാണ്. കാണപ്പെടുന്ന മനുഷ്യരെ മനുഷ്യരായി കാണുവാൻ കഴിയാത്തവന് എങ്ങനെ ദൈവത്തെ കാണുവാൻ കഴിയും? കാണപ്പെടുന്ന മനുഷ്യരെ സ്നേഹിക്കുവാൻ കഴിയാത്തവന് എങ്ങനെ ദൈവത്തെ സ്നേഹിക്കുവാൻ കഴിയും? പുതിയനിയമ കാലയളവിൽ ക്ഷാമമുണ്ടായപ്പോൾ ക്രിസ്ത്യാനികൾ എന്തു ചെയ്തു എന്നറിയുക. "അക്കാലത്ത് യെരുശലേമിൽനിന്ന് പ്രവാചകന്മാർ അന്ത്യോക്യയിൽവന്നു. അവരിൽ അഗബോസ് എന്ന പ്രവാചകൻ ലോകത്തിൽ ഒക്കെയും മഹാ ക്ഷാമം ഉണ്ടാകുമെന്ന് പ്രവചിച്ചു. അത് ക്ലൗദ്യോസിന്റെ കാലത്ത് സംഭവിച്ചു. അപ്പോൾ യെഹൂദ്യയിൽ പാർക്കുന്ന സഹോദരന്മാരുടെ ഉതവിക്കായി അന്ത്യോക്യയിലെ ശിഷ്യന്മാർ പ്രാപ്തി പോലെ യെരുശലേമിലെ മൂപ്പന്മാർക്ക് എത്തിച്ചുകൊടുത്തു.

യെരുശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്ക് ഏതാനും ധർമ്മോപകാരം ചെയ്യുവാൻ മക്കെദോന്യയിലും അഖായയിലും ഉള്ളവർക്ക് ഇഷ്ടം തോന്നി. അവർക്ക് ഇഷ്ടം തോന്നി എന്നു മാത്രമല്ല, അത് അവർക്ക് കടവുമാകുന്നു. ജാതികൾ അവരുടെ ആത്മികനന്മകളിൽ കൂട്ടാളികൾ ആയെങ്കിൽ, ഐഹികകാര്യങ്ങളിൽ അവർക്ക് ശുശ്രൂഷ ചെയ്യുവാൻ അവർ കടപ്പെട്ടിരിക്കുന്നു(റോമർ 15:26-28). പ്രാദേശിക ഇടവകയിൽ ഉള്ളവരുടെ മുട്ടുതീർക്കുക മാത്രമല്ല, മറ്റു ഉടവകകളുടെ മുട്ടുതീർക്കുവാനും നാം ശ്രമിക്കണം. അന്യോന്യം പങ്കിടലാണ് ക്രിസ്തീയ കൂട്ടായ്മ. നിസ്വാർത്ഥമായി നാം സഹോദ

രവർഗ്ഗത്തെ സ്നേഹിക്കണം. കൂടാതെ സഭയ്ക്ക് പുറത്തുള്ളവരെയും നാം സഹായിക്കണം. നമ്മുടെ സൽപ്രവൃത്തി നാം പരിമിതപ്പെടുത്തരുത് എന്നർത്ഥം. കാരണം ദൈവം പൊതുവായ നന്മകൾ എല്ലാവർക്കും നൽകുന്നുണ്ട്. എന്നാൽ അവസരം കിട്ടുമ്പോലെ നാം എല്ലാ മനുഷ്യർക്കും നന്മ ചെയ്ക എന്നാണ് അപ്പൊസ്തലൻ നമ്മോട് നിർദ്ദേശിച്ചിരിക്കുന്നത്(ഗലാത്യർ 6:10). ആളുകൾക്ക് നാം ചെയ്യുന്ന ഗുണകരമായ ഇത്തരം പ്രവൃത്തികൾ നിമിത്തം അവർ ദൈവത്തെ മഹത്വപ്പെടുത്തും.

മറ്റുള്ളവർ നിങ്ങൾക്ക് ചെയ്യേണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നത് നിങ്ങൾ അവർക്ക് ചെയ്വിൻ എന്നതാണ് കർത്താവ് പഠിപ്പിച്ച സുവർണ്ണനിയമം(മത്തായി 7:12). പ്രവർത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാണ്, നമ്മുടെ വിശ്വാസം പൂർത്തിയാകുന്നത് നാം അതിനനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. പ്രവർത്തിയില്ലാത്ത വിശ്വാസം കൊണ്ട് ആർക്കും ഒരു പ്രയോജനവുമില്ല. ആഹാരമില്ലാത്തവർക്ക് ആഹാരം കൊടുത്തും വസ്ത്രമില്ലാത്തവർക്ക് വസ്ത്രം നൽകിയും, വൈദ്യസഹായം ആവശ്യമുള്ളവർക്ക് അത് കൊടുത്തും നമുക്ക് സഹായിക്കാവുന്നതാണ്. അത്തരം ആവശ്യക്കാരാണ് വാസ്തവത്തിൽ നമ്മുടെ അതിഥികൾ എന്ന് നാം തിരിച്ചറിയണം.

അനാഥരെയും വിധവമാരെയും നാം പരിഗണിക്കേണ്ടവരാണ്. കാരണം അവർക്ക് ആശ്രയിപ്പാൻ ഉറ്റവരായി ആരുമില്ല. പല കാരണങ്ങൾകൊണ്ടാണ് അവരങ്ങനെ ആകുന്നത്. എന്തുകൊണ്ടാണ് അവരങ്ങനെയായത് എന്ന് ചിന്തിക്കാതെ നാം ഇപ്പോൾ അവരുടെ ആവശ്യങ്ങൾ നിറവേറ്റുകയാണ് വേണ്ടത്. അത് നമ്മുടെ ഓരോരുത്തരുടേയും കർത്തവ്യമാണ്. നന്മ ചെയ്വാനറിഞ്ഞിട്ട്, ചെയ്യാത്തവന് അത് പാപമായി ദൈവം കണക്കിടും. ചെയ്യരുതാത്ത കാര്യങ്ങൾ ചെയ്താൽ മാത്രമല്ല, ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരുന്നാലും അതു പാപമാണ് എന്ന കാര്യം നാം വിസ്മരിക്കരുത്. അനാഥരെയും വിധവമാരെയും നിങ്ങൾ ക്ലേശിപ്പിക്കരുത് എന്ന് യിസ്രായേൽ ജനത്തോട് ദൈവം അരുളിച്ചെയ്തിരുന്നത് അവരുടെ ജീവിതം അനുഗ്രഹിക്കപ്പെടേണ്ടതിനായിരുന്നു(പുറപ്പാട് 22:22). നാം മറ്റുള്ളവരെ അനുഗ്രഹിക്കുമ്പോഴാണ് ദൈവം നമ്മെ അനുഗ്രഹിക്കുന്നത്. ധാർമ്മികതയെ ഒരിക്കലും ആത്മികതയിൽനിന്ന് ഒഴിച്ചുനിർത്താ

വുന്നതല്ല. വിധവമാരെ കുറിച്ചു കരുതുന്നില്ല എന്ന പരാതി അപ്പൊസ്തലന്മാർ പരിഹരിക്കുന്നതായി പ്രവൃത്തികൾ ആറാം അദ്ധ്യായത്തിൽ നാം കാണുന്നുണ്ട്(പ്രവൃത്തികൾ 6:1-6). ദിനമ്പ്രതിയുള്ള ശുശ്രൂഷകളിൽ അവരെ സഹായിക്കുന്നതിന് പുരുഷന്മാരെ തിരഞ്ഞെടുക്കുന്നതായി അവിടെ പറയുന്നു. ഇത് സഭയ്ക്ക് വിധവമാരോടുള്ള കർത്തവ്യത്തെ എടുത്ത് കാണിക്കുന്നു. യഥാർത്ഥഭക്തി അനാഥരെയും വിധവമാരെയും അവരുടെ സങ്കടങ്ങളിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ സൂക്ഷിക്കുന്നതുമാകുന്നു(യാക്കോബ് 1:27).

പ്രവർത്തിക്കുന്ന സഭയാണ് ജീവിക്കുന്ന സഭ. ചിലർ വിചാരിക്കുന്നത് അത്തരം സഹായം നൽകേണ്ടത് വ്യക്തികളുടെ കടമയാണ് എന്നാണ്. വ്യക്തികളുടെ കൂട്ടമാണല്ലോ സഭ. അതുകൊണ്ട് സഭയ്ക്ക് ആ ഉത്തരവാദിത്വത്തിൽനിന്നു ഒഴിഞ്ഞുമാറുവാൻ സാധ്യമല്ല. സാക്ഷാൽ വിധവമാരായിരിക്കുന്നവരോടാണ് സഭയ്ക്ക് ഉത്തരവാദിത്വമുള്ളത്. പ്രായപൂർത്തിയായ മക്കളുള്ളവരെ സംബന്ധിച്ച് അവർ സഭയെ ഒരിക്കലും ഭാരമാക്കരുത് എന്ന് തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നു. ധനവാന്റേയും ലാസറിന്റേയും ഉപമയിൽ ധനവാൻ ജീവിച്ചിരുന്നപ്പോൾ ദരിദ്രനായിരുന്ന ലാസറിനെ തിരിഞ്ഞുനോക്കിയില്ല എന്ന കാരണത്താൽ അവൻ യാതനാസ്ഥലത്തേക്ക് പോയി. ഈ ഭൂമിയിൽ വെച്ച് നാം ചെയ്യേണ്ട സൽപ്രവൃത്തി ചെയ്യാതെ പോയാൽ മരണശേഷം നമുക്ക് ലഭിക്കുന്നത് യാതനയായിരിക്കും.

ഇത്തരം പ്രവർത്തികളാൽ നാം സ്വർഗത്തിൽ നിക്ഷേപം സ്വരൂപിക്കുകയാണ് ചെയ്യുന്നത്. ഈ ലോകത്തിൽ നാം എന്തു നിക്ഷേപിച്ചാലും അത് ഇല്ലാതാകുന്നതാണ്. എന്നാൽ നമ്മുടെ മരണശേഷവും നിലനിൽക്കുന്നതാണ് നമ്മുടെ സൽപ്രവർത്തികൾ. നിത്യമായ നിക്ഷേപമാണ് ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നത്. നമ്മുടെ ഹൃദയം എവിടെയാണോ അവിടെയായിരിക്കും നമ്മുടെ നിക്ഷേപം. നമ്മുടെ നിക്ഷേപം ഒരിക്കലും ആർക്കും കവർന്നെടുക്കുവാൻ സാധ്യമല്ല എന്ന് ഉറപ്പാക്കുക. അതാണ് ഒരു ക്രിസ്ത്യാനിയുടെ ജീവിത വിജയം. ആത്മികമായി ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

# അതുകൊണ്ട് നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നു

**ബെർട്ട് തോംസൺ**

നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്ന വ്യക്തിയാണോ? അതോ വിശ്വസിക്കാത്ത വ്യക്തിയാണോ? അവിശ്വാസവും വിശ്വാസവും തമ്മിലുള്ള പോരാട്ടമാണ് ലോകത്തിലുള്ളത്. മനുഷ്യർ ദൈവസാദൃശ്യത്തിലും രൂപത്തിലും സൃഷ്ടിക്കപ്പെട്ടു എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? യേശുക്രിസ്തു ദൈവപുത്രനാണെന്ന് നിങ്ങൾ വാസ്തവത്തിൽ വിശ്വസിക്കുന്നുണ്ടോ? ശരിയായ വിശ്വാസമാണ് ആളുകളുടെ ജീവിതത്തിൽ വ്യത്യാസം വരുത്തുന്നത്. വിശ്വാസം കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല. ആത്മാർത്ഥമായ വിശ്വാസത്തിന് അതിന്റെ ഫലവും കപടവിശ്വാസത്തിന് അതിന്റേതായ ഫലവുമുണ്ടായിരിക്കും. ക്രിസ്തു ലോകത്തിന്റെ രക്ഷിതാവായിട്ടാണ് വന്നത്. അവൻ ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഏക മദ്ധ്യസ്ഥനുമാണ്. ഏതു കാര്യത്തിലും ശരിയായ വിവേചനം നമുക്ക് ആവശ്യമാണ്. വിശ്വാസവും ഉറപ്പുള്ളതാകണം, അതിന് ശരിയായ മനസിലാക്കൽ വേണം. അതായത് പരിജ്ഞാനം എന്ന വാക്കാണ് ബൈബിളിൽ ദൈവം ഉപയോഗിച്ചിരിക്കുന്നത്. നാം പരിജ്ഞാനത്തിൽ തികഞ്ഞവരാകണമെന്ന് ദൈവം ഇച്ഛിക്കുന്നു.

നമ്മുടെ വിശ്വാസം ശരിയായ അറിവിന്റെ അടിസ്ഥാനത്തിലായിരിക്കണം. അതിന് വേണ്ടിയാണ് തിരുവെഴുത്ത് നൽകിയിരിക്കുന്നത്. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നുവെങ്കിൽ അത് എന്തടിസ്ഥാനത്തിലാണ്? ശരിയായ അടിസ്ഥാനം ദൈവത്തിന്റെ അരുളപ്പാടായിരിക്കണം. എങ്കിൽ നാം പരാജയപ്പെടുകയില്ല. ദൈവം സത്യവാനും സർവ്വജ്ഞാനിയുമാണ്. എല്ലാവരും ദൈവത്തെ അറിയണമെന്നതാണ് ദൈവേഷ്ടം. ദൈവഹിതം വെളിപ്പെടുത്തിയിരിക്കുന്ന ഏക ഗ്രന്ഥമാണ് സത്യവേദപുസ്തകം. അതിൽ നമ്മുടെ ജീവനും ഭക്തിക്കും വേണ്ടുന്നതെല്ലാം അടങ്ങിയിരിക്കുന്നു. അതുകൊണ്ട് ഏറ്റവും വിശ്വസനീയമായ ദൈവവചനത്തെ നാം പരിശോധിച്ച് നമ്മുടെ വിശ്വാസം ശരിയാണോ തെറ്റാണോ എന്ന് വിലയിരുത്തണം. അത് ഓരോ വ്യക്തിയുടേയും കടമയാ

ണ്. അതിൽനിന്ന് ഇപ്പോൾ നാം മാറിനിന്നാലും പിന്നീട് അതിന് കണക്കുകൊടുക്കേണ്ടിവരും. പിന്നെ നമുക്ക് പ്രതിവിധിയായി ഒന്നും ചെയ്യുവാൻ സാധ്യമല്ല. ഇപ്പോൾ നമ്മുടെ വഴി ക്രമപ്പെടുത്തുവാൻ അവസരം ഒരുക്കിയിരിക്കുകയാണ്. ആകയാൽ നാം ശരിയായ വിശ്വാസത്തിലാണോ അല്ലയോ എന്ന് ശോധന ചെയ്യണം. ഈ പ്രപഞ്ചത്തിൽ കാണുന്നതെല്ലാം പരിണാമത്തിൽ കൂടെയുണ്ടായതാണെന്ന് വിശ്വസിക്കുന്നവരുണ്ട്. അതിന് ആധികാരികമായ തെളിവുകളില്ല. അഭ്യൂഹം മാത്രമാണ്. അതിനേക്കാൾ വിശ്വസനീയമായ തെളിവുകൾ ബൈബിൾ നൽകുന്നതാണ്. ഒരിക്കൽ ദൈവം സൃഷ്ടിക്കയും പിന്നെ അതിനെ ഓരോന്നിനേയും അതിന്റേതായ ചക്രഗതിയിൽ ചലിപ്പിക്കയും ചെയ്യുന്നത് ദൈവമാണ്.

എല്ലാവരും പരിണാമ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവരല്ല. ശാസ്ത്രകാരന്മാർ, പണ്ഡിതന്മാർ, തത്വചിന്തകൻമാർ, എഴുത്തുകാർ, കവികൾ സാഹിത്യകാരന്മാർ ഇങ്ങനെ വിവിധ തലങ്ങളിൽ അഗ്രഗണ്യരായ ആളുകൾ ദൈവത്തിൽ വിശ്വസിക്കുന്നുണ്ട്. പല ശാസ്ത്രകാരന്മാരും അവരുടെ കണ്ടുപിടിത്തങ്ങൾ നടത്തിയിട്ടുള്ളത് ബൈബിൾ പരിജ്ഞാനത്തിൽനിന്നാണ് എന്ന വസ്തുത നിങ്ങൾ അറിയാതിരിക്കരുത്. അത് അവരുടെ വിശ്വാസത്തെ വളർത്തിയിട്ടുണ്ട്. നമ്മുടെ എല്ലാവരുടേയും വിശ്വാസത്തിന്റെ വളർച്ചക്ക് ബൈബിൾ വായന കൂടിയേ തീരു. അവിശ്വാസികൾ ഉയർത്തുന്ന ന്യായവാദങ്ങൾക്ക് അടിസ്ഥാനമില്ല. ഒരുപക്ഷെ ദൈവകൽപനകൾ അനുസരിക്കാതിരിക്കുന്നതിന് അവർ കണ്ടെത്തുന്ന മുട്ടുന്യായങ്ങളാകാം അത്. ദൈവം തിരുവെഴുത്തിൽ നമ്മെ ഓർപ്പിക്കുന്നത് “അവിശ്വാസമുള്ള ദുഷ്ട ഹൃദയം നിങ്ങളിൽ ആരിലും ഉണ്ടാകാതിരിക്കട്ടെ”(എബ്രായർ 3:12).

പ്രകൃതി പോലും ദൈവത്തിന്റെ മഹത്വത്തെ വിളിച്ചോതുന്നു. ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു(സങ്കീർത്തനങ്ങൾ 19:1). അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ടു വരുന്നു(റോമർ 1:20). ദൈവസാദൃശ്യത്താൽ സൃഷ്ടിക്കപ്പെട്ട നാം അതറിയുന്നുണ്ടോ?

# നല്ലവനായജാക്ക്

(ചെറുകഥ)

**കെ. ആർ ബോസ്**

ഈ കഥ നടക്കുന്നത് പുരാതന ഈജിപ്റ്റിലെ ഒരു ഗ്രാമത്തിലാണ്.

നല്ല ചുറുചുറുക്കുള്ള ജാക്കിനും അവന്റെ പിതാവിനും ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. എന്നും പ്രഭാതത്തിൽ കിളികളുടെ ചലപില ശബ്ദാരവമുള്ള അന്തരീക്ഷം, പ്രഭാതം പൊട്ടി വിടരുന്നതിന്റെ ഭംഗി നോക്കി. ജാക്കും പിതാവും കൃഷിസ്ഥലത്തു പോയി. വർഷാവസാനം കൊടിയ വരൾച്ച കാരണം വിളവില്ലാതായി. കൊടിയ ക്ഷാമവും പട്ടിണിയും അവന്റെ ഗ്രാമത്തിൽ ഭീതിപരത്തി. കൊടും പട്ടിണി സഹിക്കവയ്യാതെ എന്തെങ്കിലും ജോലി തേടി തന്റെ പിതാവിന്റെ അടുത്ത് യാത്ര ചോദിച്ച് അടുത്തരാജ്യത്തേക്ക് പോയി. വഴിയാത്രക്കിടയിൽ നല്ലവനായ ജാക്ക്, ദൈവത്തെ മറന്നില്ല; അവന്റെ യാത്ര സുഖകരമായിരുന്നു. അടുത്തരാജ്യത്ത് എത്തിയപ്പോൾ ജാക്കിന്റെ കൈവശം വേണ്ടത്ര രേഖകൾ ഒന്നും ഇല്ലായിരുന്നു. രാജഭടന്മാർ അവനെ പിടിച്ച് തടവിലാക്കി.

ആറ് മാസംവരെ അവനു തടവറയിൽ കഴിയേണ്ടിവന്നു. അവിടത്തെ ജീവിതം അതിഭീകരമായിരുന്നു!

തടവറസൂക്ഷിപ്പുകാരൻ മദ്ധ്യവയസ്ക്കനായിരുന്നു. അയാൾ ജാക്കിനെ വളരെ അധികം ഉപദ്രവിച്ചു. മഞ്ഞുകഷണങ്ങൾ കൊണ്ട് തീർത്ത ചെറുതും വലുതുമായ മലകൾ പോലെ തോന്നിക്കുന്ന സ്ഥലത്തെ തടവറയിൽ ജാക്കിന് പുതയ്ക്കുവാൻ പുതപ്പോ പായോ ദുഷ്ടനായ അയാൾ കൊടുത്തില്ല. അപ്പോഴും അവൻ ദൈവത്തോട് യാചിച്ചുകൊണ്ടിരുന്നു!

അങ്ങനെ കൊടും തണുപ്പിലും പ്രാർത്ഥനയിൽ മുഴുകി എപ്പോഴോ ഉറങ്ങി. ഒരു ദിവസം ജാക്ക് തന്റെ തടവറയിലെ തണുപ്പ് മാറ്റാൻ രാവിലെയും ഉച്ചക്കും രാത്രിയും തരുന്ന ഭക്ഷണത്തിന്റെ പാത്രം ഒഴിച്ച് വച്ച് രാത്രി അവ നിരത്തി കിടന്ന് ഉറങ്ങി. ജാക്കിന്റെ ശിക്ഷാ കാലാവധി കഴിഞ്ഞു അവൻ വീണ്ടും യാത്രയായി വളരെ ദൂരം ചെന്നപ്പോൾ ഒരു കുടിലിന്റെ മുന്നിൽ ഒരു യുവതിയെ കണ്ടു.

ജീവിതത്തിലെ സകല സ്വത്തും നഷ്ടപ്പെട്ട് കരഞ്ഞ് കലങ്ങിയ മുഖ വുമായി...

അവൻ അവൾക്ക് വേണ്ടി ജോലിചെയ്തു പഴുത്ത ആപ്പിൾത്തോട്ടം കണ്ട് യുവതി നന്ദിപറഞ്ഞു. ഒരു നല്ലകാര്യം ചെയ്ത തൃപ്തി.... വീണ്ടും യാത്ര...

വിജനമായ ഒരു വനപ്രദേശത്ത് എത്തിയപ്പോൾ, രാത്രിയായി അൽപ്പം ഉറങ്ങണം ജാക്ക് തീരുമാനിച്ചു. അതിനായി ചുറ്റുപാടും നോക്കിയപ്പോൾ ആണ് അകലെ ഒരു നേരിയ പ്രകാശം; സന്തോഷ ത്തോട്കൂടി അവിടേയ്ക്ക് ചെന്നു. ഒരു പഴയ വീട് , മഞ്ഞ് കണ ങ്ങൾ കൊണ്ട് വാതിലും പരിസരവും മൂടിയിരുന്നു. വാതിലിൽ മുട്ടി നോക്കി. യാതോരു അനക്കവും കേൾക്കാതായപ്പോൾ വാതിൽ തുറന്ന് നോക്കി ഒരു മദ്ധ്യവയസ്ക്കൻ തണുത്ത് വിറച്ച് അർദ്ധപ്രാ ണനായ്ക്കിടക്കുന്നു.

അണയാറായ മെഴുകുതിരിക്കാലിൽ നിന്ന് തീ കത്തിച്ച് ജാക്ക് മരക്കക്ഷണം കൊണ്ട് തീ കൂട്ടി മദ്ധ്യവയസ്ക്കന്റെ തണുപ്പ് മാറ്റി കാപ്പിയും ഉണ്ടാക്കി ക്കൊടുക്കാൻ ജാക്ക് മറന്നില്ല.

വളരെ കഷ്ടവും യാതനയും .... മാസം കുറെയായി ജാക്കിന്റെ രാജ്യത്തെ കാലാവസ്ഥയും കൃഷിയും മെച്ചപ്പെട്ടതായി ഒരു വഴി പോക്കനിൽ നിന്നും അറിഞ്ഞു.

ഒരു പായ്ക്കപ്പലിൽ സ്വദേശത്തേക്കു ജാക്ക് യാത്രയായി. തന്റെ പ്രിയപ്പെട്ട പിതാവ് ജീവിച്ചിരിപ്പുണ്ടോ? അവന്റെ മനസും കണ്ണും തന്റെ പിതാവിനെ കാണുവാൻ വെമ്പൽ കൊണ്ടു- ഈജിപ്റ്റിന്റെ ഉത്സവകാലമാണ്. ജാക്ക് തന്റെ പിതാവിനെ അവിടെ എല്ലാം അന്വേ ഷിച്ചു തളർന്ന് കൊത്തുപണികൾ ചെയ്ത ഒരു തൂണിൽ പിടിച്ച് അവൻ നിന്നു. അടുത്തായി രണ്ട് വൃദ്ധന്മാരും ഒരു യുവതിയും. തന്റെ പിതാവിനെ ആ മൂന്നുപേരിൽ നിന്നും തിരിച്ചറിഞ്ഞു പിതാവ് സന്തോഷം കൊണ്ട് മകനെ കെട്ടിപ്പുണർന്നു.

മറ്റു രണ്ടുപേരെയും പരിചയപ്പെടുത്തി വൃദ്ധൻ, തന്നെ തടവറ യിൽ വെച്ച് പീഢിപ്പിക്കയും യാദൃശ്ചികമായി കുടിലിൽ കണ്ട് മുട്ടി മഞ്ഞിൽ നിന്നും രക്ഷ നേടുവാൻ തീകൂട്ടി രക്ഷിച്ച ആൾ, ഒരു കോണിൽ ചാരി നിൽക്കുന്ന യുവതി പടയാളിയുടെ മകൾ.

നല്ലവനായ ജാക്ക് തന്റെ ജീവിതത്തിലെ ക്രൂരനിമിഷങ്ങളിൽ

ദൈവം സഹായിച്ച കൃപയോർത്ത് സന്തോഷത്തോടെ പിതാവിനെയും കൂട്ടി യാത്രയായി. കുറച്ചു അകലെയായപ്പോൾ ജാക്ക് തിരിഞ്ഞ് നോക്കി, പടയാളി കണ്ണുനീർ തുടക്കുന്നത് അവൻ കണ്ടു.

## ആത്മാവിൽ. ദരിദ്രൻ

### സി. ആർ. പീയൂസ്

പട്ടണത്തിനു പുറത്തെവിടെയോ വച്ചു ശിഷ്യന്മാർ യേശുവിനോട് ചോദിച്ചത് ഇരുട്ടിനു മുമ്പായിരുന്നു.

"നീ പെസഹ കഴിപ്പാൻ ഞങ്ങൾ എവിടെ ഒരുക്കണം?"

"നഗരത്തിൽ ചെല്ലുവിൻ" യേശു പറഞ്ഞു: അവിടെ ഒരുകുടം വെള്ളം ചുമന്നു കൊണ്ടു ഒരു മനുഷ്യൻ നിങ്ങളെ എതിർപെടും. അവന്റെ പിന്നാലെ ചെന്നു അവൻ കടക്കുന്നേടത്ത് ആ വീട്ടുടയവനോടു ചോദിക്കുവിൻ. അവൻ വിരിച്ചൊരുക്കിയ ഒരു വൻ മാളിക കാണിച്ചു തരും. അവിടെ പെസഹ ഒരുക്കുവിൻ"

അവർ പോയി തങ്ങളോടു പറഞ്ഞതു പോലെ കണ്ടു, പെസഹ ഒരുക്കി.

ഇപ്പോഴാണ് ശിഷ്യന്മാർക്കു ശ്വാസം നേരെ വീണുകിട്ടിയത്!

നാടും വീടും നാട്ടാരേയും വിട്ട് വർഷങ്ങളായി അവർ ഗുരുവിനോടുകൂടെയാണ്. പുറത്താരുമായി യാതൊരു ബന്ധവുമില്ല.

പെസഹ ഭക്ഷണശാല എവിടെ തയ്യാറാക്കണമെന്നതിനേപ്പറ്റി അവർക്കു വേവലാധിയായിരുന്നു. ആരോടു ചോദിക്കും എവിടെ തെരയും ഒരിടവും കണ്ടു വെച്ചിട്ടില്ല.

നാഥനുമായി ഇതിനേപ്പറ്റി സംസാരിച്ചിട്ടുപോലുമില്ലായിരുന്നു.

ഉത്തരമില്ലാത്ത ചോദ്യങ്ങൾ അവർ പരസ്പരം മുഖത്തോടു മുഖം നോക്കി കൈമാറുമെന്നല്ലാതെ...

ആയിരക്കണക്കിനു പൊതു ജനങ്ങളോടും പ്രത്യേകിച്ച് തങ്ങളോടും അവിടന്നു ഉപദേശിച്ചിട്ടുള്ളതാണ്, 'ഒന്നിനേക്കുറിച്ചും നിങ്ങൾ വിചാരപ്പെടരുത്" എന്ന തിരുവചനം. അവർ അതു ഹൃദയത്തിൽ സുക്ഷിച്ചു വെച്ചിട്ടില്ല. എല്ലാവരേയും പോലെ ഒരു ചെവിയിൽ കൂടി കേട്ടു മറു ചെവിയിൽ കൂടി വിട്ടു കളയുകയാണ് ചെയ്തത്.

ഇപ്പോഴിതാ എല്ലാം കരതലാമലകം പോലെ!...

മാളികയുടമയുമായി നാഥൻ പറഞ്ഞൊത്ത പോലെ!

'മനുഷ്യരാൽ അസാദ്ധ്യമായത് ദൈവത്താൽ സാദ്ധ്യമത്രെ' എന്ന തിരുവായ്മൊഴി, കടുകുമണിയോളം വിശ്വാസം തന്റെ അരുമക്കുഞ്ഞുങ്ങൾക്ക് വളർന്നോ എന്നു യേശു അവരുടെ ഹൃദയങ്ങളിലേക്കു കണ്ണിടുകയായിരുന്നില്ലേ?

ആത്മാവിൽ ദരിദ്രരായ തന്റെ ശിഷ്യന്മാർ എത്തും പിടിയുമില്ലാതെ-നായ് ചന്തയ്ക്കു പോയി വന്ന പോലെ മടങ്ങരുത്. തൊട്ടു കാണിച്ചെന്നോണം പറഞ്ഞുവിട്ടു.

എത്രനല്ല മുൻ കരുതലുകൾ!..

മുറിവാതിൽ അടയ്ക്കപ്പെട്ടു.

അത്താഴമേശ ഭക്ഷണ പാനീയങ്ങളാൽ അലംകൃതമായി.

അസാധാരണമായ ഊണുമുറി. അതിഥികളില്ല. ആതിഥേയരില്ല. വെയ്ക്കുന്നവരും വിളമ്പുന്നവരുമെന്നല്ല; ഉണ്ണുന്നവരുമൊന്നു തന്നെ!

പതിമൂന്നുപേർ. സന്ധ്യയോടടുത്ത മടങ്ങിയ വെളിച്ചം വിട്ടു മാറിയിട്ടില്ല. അതനുക്രമം വളർന്നുകൊണ്ടിരിക്കയായിരുന്നു. ഒടുവിൽ രംഗം പ്രകാശപൂരിതമായി. നീലിമയാർന്ന ആയിരമായിരം വെണ്ണിലാവെളിച്ചം പോലെ മുറിയാകെ പ്രകാശനിർഭരമായി. സ്വർഗീയ പ്രതിഭ വെട്ടിത്തിളങ്ങുന്ന ശോഭ. മുകളിൽനിന്നല്ല, താഴെ നിന്നല്ല, ചുമരുകളിൽനിന്നുമല്ല. അതുകൊണ്ടായിരിക്കാം അസ്തമയാനന്തരം വിട്ടു പോകാൻ മടിച്ച് പകൽവെളിച്ചം മുറിയിൽ പമ്മി പമ്മി നിന്നിരുന്നത്.

സമയമായപ്പോൾ അവൻ അപ്പൊസ്തലന്മാരുമായി ഭക്ഷണത്തിനിരുന്നു. ഉടനെ എഴുന്നേൽക്കുകയും ചെയ്തു. ഇരിപ്പിടം വിട്ടകന്നു നിന്നു. മേലങ്കി ചുറ്റിയിരുന്നത് അഴിച്ചു മാറ്റി വെച്ചു. ഉടുപ്പിനുമീതെ ബെൽറ്റ് എന്നപോലെ ഒരു തുവർത്തെടുത്ത് ചുറ്റിക്കെട്ടി. ഒരുവിധത്തിലും തന്റെ ഉടുപ്പ് ഞാന്നു കിടക്കരുത്. അവന്റെ തയ്യാറെടുപ്പ് ശിഷ്യന്മാർ വീക്ഷിച്ചുകൊണ്ടിരുന്നു. അതാ അവരുടെ ഗുരു ഒരു പാത്രത്തിൽ വെള്ളം എടുത്ത് നീങ്ങുന്നു. എന്തിനുള്ള പുറപ്പാടാണിത്? ഞാൻ എന്താണീ കാണുന്നത് എന്ന് ഒരാൾ മനോഗതമായി പറഞ്ഞു. അവൻ ഓരോരുത്തരുടെ പാദം ലക്ഷ്യമാക്കി നീങ്ങി. പത്രൊസിന്റെ അടുക്കൽ എത്തിയപ്പോൾ അവൻ ഒന്നു പതറി. ഗുരു തന്റെ കാൽ കഴുകുകയോ? ഒരുനാളും പാടില്ല എന്നവൻ ചിന്തിച്ചു. മനുഷ്യപുത്രനും ദൈവപുത്രനുമായി വന്ന മശിഹയാണ് ഈ പ്രവർത്തി ചെയ്യുന്നത്.

ഓരോരുത്തരുടെ അടുക്കൽ കർത്താവ് എത്തിയപ്പോഴും അവരുടെ ഉള്ളിൽ കൂടെ പല ചിന്തകളും കടന്നുപോയിരിക്കാം. ഭൗതികമായ ഉയർച്ച ആഗ്രഹിച്ചിരുന്നവർക്ക് യേശുവിന്റെ ആ പ്രവർത്തിയിൽ വലിയ മതിപ്പ് തോന്നി കാണുകയില്ല. കാരണം അക്കാലത്ത് അതിഥികളുടെ കാലുകൾ കഴുകുന്നത് സാധാരണ അടിമകളാണ്. ഇവിടെ ഒരു ദൈവപുരുഷനാണ് ചെയ്യുന്നത്. സാധാരണക്കാർ ചെയ്യുവാൻ മടിക്കുന്ന ജോലിയാണ് യേശു സ്വയമായി ചെയ്യുന്നത്. ഏറ്റവും തരംതാഴ്ന്ന ജോലി ചെയ്തുകൊണ്ട് അവൻ തന്റെ ശിഷ്യന്മാരുടെ മനസുകളെ ഇളക്കി മറിച്ചു. കർത്താവ് പാദങ്ങൾ കഴുകുകയോ? അത് അവരാരും അവനിൽ നിന്നു പ്രതീക്ഷിച്ചില്ല. തങ്ങളിൽ ആരായിരിക്കും വലിയവൻ എന്നു ചിന്തിച്ചുകൊണ്ടിരുന്നവരുടെ ചിന്ത അതിൽനിന്നെല്ലാം വഴി മാറി.

തന്റെ കാലുകൾ ഗുരു കഴുകാതിരിക്കേണ്ടതിന് എന്തെല്ലാം പറയാമോ, അതെല്ലാം പത്രോസ് പറഞ്ഞു നോക്കി. പക്ഷെ കർത്താവുണ്ടോ തന്റെ ദൗത്യത്തിൽനിന്നു പിൻമാറുവാൻ പോകുന്നു. അവൻ പത്രോസിനോട്, ഞാൻ നിന്നെ കഴുകിയില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല എന്ന് പറഞ്ഞു. അപ്പോൾ പത്രോസ് കാല് മാത്രമല്ല തലയുംകൂടെ കഴുകിയാലും എന്ന് പറഞ്ഞു. കർത്താവ് ചെയ്ത പ്രവർത്തിയുടെ ഗൗരവം അത്ര വലുതായിരുന്നു. പിന്നീടാണ് പത്രോസ് അത് മനസിലാക്കിയത്. പലരും കാര്യങ്ങൾ ശരിയായി മനസിലാക്കാതെയാണ് തടസപ്പെടുത്തുന്നത്. ദൈവം ചെയ്യുന്ന ഏതൊരു പ്രവർത്തിയായാലും അതിന് വ്യക്തമായ ഒരു ഉദ്ദേശമുണ്ടായിരിക്കും. എല്ലാവരും ആ ഒരു വിശ്വാസത്തോടെ അതിനെ കാണണം.

തന്നെത്താൽ താഴുവാൻ ആളുകൾ തയ്യാറായാൽ മാത്രമെ ദൈവം അവരെ ഉയർത്തുകയുള്ളു. രണ്ടാമതായി മറ്റുള്ളവരെ ശുശ്രൂഷിക്കുവാനുള്ള മനസ് നമുക്ക് ഉണ്ടായിരിക്കണം. പലരും ചിന്തിക്കുന്നത് മറ്റുള്ളവർ നമ്മെ ശുശ്രൂഷിക്കണമെന്നാണ്. ക്രിസ്തു അവരുടെ കാലുകൾ കഴുകിയിട്ട് പറഞ്ഞു, നിങ്ങൾ ഇത് അറിയുന്നു എങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ.

# ആരാണ് ഈ യേശു

**ക്ലെം തർമാൻ**

യേശു ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്ത് എത്തിയശേഷം, തന്റെ ശിഷ്യന്മാരോട് മനുഷ്യപുത്രനെ ആർ എന്നു പറയുന്നു എന്ന് ചോദിച്ചു. ചിലർ യോഹന്നാൻ സ്നാപകൻ എന്നും മറ്റു ചിലർ ഏലിയാവെന്നും വേറെ ചിലർ യിരെമ്യാവോ പ്രവാചകന്മാരിൽ ഒരുത്തനോ എന്നും പറയുന്നു എന്ന് അവർ പറഞ്ഞു. നിങ്ങളോ എന്നെ ആർ എന്നു പറയുന്നു എന്ന് ചോദിച്ചതിന് ശിമോൻ പത്രൊസ്:നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് ഉത്തരം പറഞ്ഞു. യേശു അവനോട്, ബർയോനാ ശിമോനെ നീ ഭാഗ്യവാൻ ജഡരക്തങ്ങൾ അല്ല, സ്വർഗസ്ഥനായ എന്റെ പിതാവത്രെ നിനക്ക് ഇത് വെളിപ്പെടുത്തി തന്നത് എന്നു പറഞ്ഞു(മത്തായി 16:13-16).

യേശു ആരാണെന്ന ചോദ്യത്തിന് ആളുകൾ പണ്ടുമുതൽ പല ഉത്തരങ്ങളാണ് നൽകിയിരുന്നത്. ഇന്നും അതു തന്നെയാണ് സ്ഥിതി. അതേ ചോദ്യത്തിന് വിവിധങ്ങളായ ഉത്തരങ്ങളാണ് ആളുകൾ നൽകുന്നത്. എന്താണ് കാരണമെന്തെന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. ചിലർ വിശ്വസിക്കുന്നത്, യേശു വന്നു അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തെന്നു തോന്നുന്നു എന്ന് മാത്രമാണ്. അതിനപ്പുറമായി അവർക്ക് ചിന്തയില്ല. വേറെ ചിലർ കരുതുന്നത് അവൻ ഒരു പ്രവാചകനായിരുന്നു, അല്ലാതെ ദൈവപുത്രനായിരുന്നില്ല എന്നാണ്. മറ്റുചിലർ വിശ്വസിക്കുന്നത് യേശു വെറുമൊരു നല്ല മനുഷ്യനായിരുന്നു. അതിനപ്പുറമായി അവരും പോകുന്നില്ല. യേശു വാസ്തവത്തിൽ ആരാണെന്ന് അറിഞ്ഞു വിശ്വസിക്കയും ഏറ്റുപറയുകയും ചെയ്യുക എന്നത് പാപമോചനത്തിന് അത്യന്താപേക്ഷിതമാണ്.

നമുക്ക് ബൈബിളിലേക്ക് പോയി ദൈവം എന്തു പറയുന്നു എന്ന് പരിശോധിക്കാം കാരണം അതാണ് വിശ്വസനീയമായത്. ആദ്യമായി യേശു ഒരു മനുഷ്യനായി ജനിച്ചവനായിരുന്നു. യോസേഫിന്റേയും മറിയയുടേയും മകനായി ബേത്ത്ലഹേമിൽ ജനിച്ചു. ദൈവവാഗ്ദാനപ്രകാരം ആണ് അവൻ മനുഷ്യനായി അവതരിച്ചത്. യേശുക്രിസ്തു ഒരു ചരിത്രപുരുഷനായി ലോകത്തിൽ അറിയപ്പെടുന്നു. ആകയാൽ ചരിത്രം വായിക്കുന്നവരും പഠിക്കുന്നവരും യേശുവിന്റെ ജനന

ത്തെയും ജീവിതത്തെയും അംഗീകരിക്കുക തന്നെ ചെയ്യും. അവന്റെ ചുരുങ്ങിയകാല ജീവിതം കൊണ്ട് ലോകത്തെ മുഴുവൻ കീഴ്മേൽ മറിക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിച്ചു. സാധാരണക്കാരായ ആളുകളായിരുന്നു അവനെ അനുഗമിച്ച് അവന്റെ ശിഷ്യന്മാരായത്. അവർ മുഖാന്തരമായിരുന്നു ക്രിസ്തു ലോകത്തെ കീഴ്മേൽ മറിച്ചത്. അവൻ ഭൂമിയിലായിരുന്നപ്പോൾ ലോകത്തുള്ള ആളുകൾ തലതിരിഞ്ഞാണ് ജീവിച്ചിരുന്നത്. നേരെ ചൊവ്വേ ജീവിക്കേണ്ടതെങ്ങനെ എന്ന് ജീവിച്ചുകാണിച്ചുകൊടുത്ത ഒരു സത്യ ചരിത്രമായിരുന്നു യേശുവിന്റേത്. ആർക്കും നിഷേധിക്കാൻ പറ്റാത്ത യാഥാർത്ഥ്യം അവന്റെ ജീവിതത്തിൽനിന്നു നമുക്ക് ഗ്രഹിക്കാം.

യേശുക്രിസ്തു അവകാശപ്പെട്ടതുപോലെ ഭൂമിയിലെ ഒരു മനുഷ്യനും അവകാശപ്പെടുവാൻ കഴിഞ്ഞിരുന്നില്ല. അവൻ ദൈവവുമായിരുന്നു. മനുഷ്യനായിരിക്കെ ദൈവവുമായിരുന്ന ഏക വ്യക്തിയായിരുന്നു അവൻ. യേശു പറഞ്ഞു, “ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രെ ചെയ്യുവാൻ സ്വർഗത്തിൽനിന്നു വന്നത്”(യോഹന്നാൻ 6:38). ആ അവകാശത്തെ അപ്പൊസ്തലന്മാർ സ്ഥിരീകരിക്കയുണ്ടായി(മത്തായി 16). ആദിയിൽ വചനം ഉണ്ടായിരുന്നു.വചനം ദൈവത്തോടുകൂടെയായിരുന്നു,...വചനം ജഡമായി നമ്മുടെ ഇടയിൽ പാർത്തു എന്ന് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു(യോഹന്നാൻ 1:1,2, 14). ദൈവത്തോടു സമനായിരുന്ന ഒരു വ്യക്തിയാണ് മനുഷ്യവേഷമെടുത്ത് വന്നത് എന്ന് ഫിലിപ്പിയ ലേഖനത്തിൽ നാം വായിക്കുന്നു(ഫിലിപ്പിയർ 2:5-7). എന്നെ അയച്ചവന്റെ ഇഷ്ടം തികക്കുന്നതാണ് എന്റെ ഇഷ്ടം എന്ന് കർത്താവ് പറയുകയുണ്ടായി(യോഹന്നാൻ 4:34). അവൻ ദൈവത്തിൽനിന്നുള്ളവനാണെന്ന് പറയുന്ന ക്രിസ്തു അതിന് തെളിവുകളും നൽകിയിട്ടുണ്ട്.

യേശു ഒരു നല്ല മനുഷ്യനായിരുന്നു എന്നാൽ ദൈവപുത്രനായിരുന്നില്ല എന്ന് ആളുകൾ പറയുമ്പോൾ, അവൻ പറയുന്നത് ഞാനും പിതാവും ഒന്ന് എന്നാണ്(യോഹന്നാൻ 10:30). പഴയനിയമ പ്രവചനങ്ങൾ എല്ലാം വ്യക്തമാക്കുന്നത് യേശു വന്നത് ദൈവിക പദ്ധതി നടപ്പാക്കുവാനാണ് എന്നാണ്. യേശു യോഹന്നാൻ സ്നാപകനാൽ സ്നാനം ഏറ്റപ്പോൾ, ദൈവം അവനെ സാക്ഷീകരിച്ചത്, ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നാണ്(മ

ത്തായി 3:17). യേശു വാസ്തവത്തിൽ ദൈവപുത്രനായ ക്രിസ്തു ആയിരുന്നു എന്ന കാര്യത്തിൽ സംശയിക്കുവാനൊന്നുമില്ല. യേശുവിന് സ്വർഗീയമായ അധികാരമുണ്ടായിരുന്നു. ഒരേസമയത്ത് ദൈവവും മനുഷ്യനും ആകുന്ന ആശയത്തെ കുറിച്ച് പണ്ടും ഇപ്പോഴും ആളുകൾക്ക് സംശയമുണ്ട്. ദൈവത്തിന് മാത്രമെ പാപങ്ങൾ മോചിച്ചുകൊടുപ്പാനുള്ള അധികാരമുള്ളു. കർത്താവ് ഭൂമിയിലായിരുന്നപ്പോൾ ആളുകളുടെ പാപങ്ങൾ മോചിച്ചുകൊടുത്തിരുന്നു(മർക്കൊസ് 2:10).

ആകാശത്തിൽ കൂടെ കടന്നുവന്ന ഒരു മഹാപുരോഹിതൻ നമുക്ക് ഉള്ളതുകൊണ്ട് നാം നമ്മുടെ സ്വീകാരം മുറുകെ പിടിച്ചുകൊൾകയാണ് വേണ്ടത്(എബ്രായർ 4:14). പ്രകൃതി പോലും അവന്നു കീഴ്പ്പെട്ടിരിക്കുകയും അനുസരിക്കുകയും ചെയ്തു. അവൻ ഭൂമിയിലായിരുന്നപ്പോൾ അത് തെളിയിച്ചു. യേശു ഒരിക്കൽ ശിഷ്യന്മാരുടെ അൽപവിശ്വാസത്തെ ശാസിച്ചു പറഞ്ഞു, "അൽപവിശ്വാസികളേ നിങ്ങൾ ഭീരുക്കൾ ആകുന്നത് എന്ത് എന്നു പറഞ്ഞശേഷം കാറ്റിനേയും കടലിനേയും ശാസിച്ചപ്പോൾ കടൽ ശാന്തമായി. എന്നാറെ ആ മനുഷ്യർ അതിശയിച്ചു. ഇവൻ എങ്ങനെയുള്ളവൻ കാറ്റും കടലും കൂടെ ഇവനെ അനുസരിക്കുന്നുവല്ലോ എന്നു പറഞ്ഞു(മത്തായി 8:27).

എല്ലാ രോഗികളെയും വ്യാധിക്കാരെയും അവൻ സൗഖ്യമാക്കി. മരിച്ചവർക്ക് ജീവൻ തിരിച്ചുനൽകി. അമാനുഷിക ശക്തിയുള്ളവർക്ക് മാത്രം ചെയ്യുവാൻ പറ്റുന്ന കാര്യങ്ങൾ ക്രിസ്തു ചെയ്തു. അവന്റെ ഉപദേശം ശാസ്ത്രിമാരെ പോലെയും പരീശന്മാരെ പോലെയും ആയിരുന്നില്ല. അധികാരമുള്ളവനെ പോലെ ആയിരുന്നു അവൻ സംസാരിച്ചിരുന്നത്. ആ അത്ഭുതങ്ങളും അടയാളങ്ങളും കാണിച്ചത് ഏക ഉദ്ദേശത്തിനായിരുന്നു. ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേക അടയാളങ്ങൾ യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്ന് നിങ്ങൾ വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവനുണ്ടാകേണ്ടതിന് ഇത് എഴുതിയിരിക്കുന്നു(യോഹന്നാൻ 20:30, 31). അതുകൊണ്ട് നിക്കൊദേമോസ് അവനെ കുറിച്ച് ഇങ്ങനെ പറഞ്ഞതിൽ അതിശയിക്കാനില്ല. "റബ്ബീ നീ ദൈവത്തിന്റെ അടു

ക്കൽനിന്ന് ഉപദേഷ്ടാവായി വന്നിരിക്കുന്നു. ദൈവം തന്നോടുകൂടെയില്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങൾ ചെയ്‌വാൻ ആർക്കും സാധ്യമല്ല"(യോഹന്നാൻ 3:2). ഉയർത്തെഴുന്നേറ്റ യേശു തന്റെ ശിഷ്യന്മാരുടെ അടുക്കൽ ചെന്ന് സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും തനിക്ക് നൽകപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു(മത്തായി 28:18). ലോകത്തിൽ എങ്ങും പോയി സുവിശേഷം അറിയിക്കുവാനും അവൻ അവരോട് കൽപിച്ചു. അവർ അവന്റെ കൽപന പാലിക്കയും ചെയ്തു.

ദൈവത്തോട് അടുക്കുവാനുള്ള ഏകവഴി ക്രിസ്തുവാണ്. "ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആർക്കും പിതാവിന്റെ അടുക്കൽ പ്രവേശിക്കുവാൻ സാധ്യമല്ല(യോഹന്നാൻ 14:6). മതമേതായാലെന്താ മനുഷ്യൻ നന്നായാൽ പോരേ എന്നു ചോദിക്കുന്ന ആളുകൾ ഉണ്ട്. പക്ഷെ ദൈവത്തിങ്കലേക്ക് പോകുവാൻ ഒരു വഴിയേയുള്ളു. മനുഷ്യർക്ക് പാപത്തിൽനിന്ന് മോചനം വേണമെന്നുണ്ടെങ്കിൽ ഒരേ ഒരു മാർഗമേയുള്ളു. അതാണ് ക്രിസ്തു ഒരുക്കിയത്, മറ്റാർക്കും കഴിയാത്തതാണ് യേശു ചെയ്തത്. തിരഞ്ഞെടുക്കുവാൻ വേറെ മാർഗമോ വ്യക്തിയോ ഇല്ല. യേശുവിന്റെ പ്രത്യേകതയെ കുറിച്ച് അപ്പൊസ്തലന്മാർ ദൈവശ്വാസിയമായി രേഖപ്പെടുത്തിയിരിക്കുന്നത് നാം വിശ്വസിക്കണം. "രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ, മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട കർത്താവായ യേശുവിന്റെ നാമമല്ലാതെ വേറൊരു നാമമില്ല"(പ്രവൃത്തികൾ 4:12).

ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്നാൽ എന്റെ വചനങ്ങളോ ഒരു നാളും ഒഴിഞ്ഞുപോകയില്ല എന്നാണ് കർത്താവ് പറഞ്ഞത്. അവന്റെ ഉപദേശത്തിൽനിന്ന് അതിർകടന്നുപോകുന്ന ഒരുത്തനും ദൈവമില്ല. അവസാനം എല്ലാ മനുഷ്യർക്കും ഒരു ന്യായവിധിയുണ്ട്. ആ ന്യായവിധി അവൻ സംസാരിച്ച വചനപ്രകാരമായിരിക്കും(യോഹന്നാൻ 12:48). മനുഷ്യർ എന്തു പറയുന്നു എന്നതല്ല, പാരമ്പര്യമോ സമുദായമോ പറയുന്നത് കേട്ട് ജീവിച്ചാൽ പ്രിയമുള്ളവരേ അന്ത്യനാളിൽ നമ്മെ സഹായിക്കുവാൻ അവരാരും ഉണ്ടാകുകയില്ല. പിതാവായ ദൈവം ന്യായവിധി നടത്തുവാനുള്ള അധികാരം പുത്രന് നൽകിയിരിക്കുകയാണ്. അതിൽനിന്ന് ഒഴിഞ്ഞു മാറു

വാൻ ആർക്കും സാധ്യമല്ല. നാം പറയുന്ന വാക്കുകൾക്ക് പോലും ന്യായവിസ്താരത്തിൽ നാം ദൈവത്തോട് കണക്ക് കൊടുക്കേണ്ടി വരും.അവന്റെ വചനം എന്നേക്കുമുള്ളതായിരിക്കുന്നതുപോലെ അവനും എന്നേക്കുമുള്ളവനാണ്. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നുമെന്നേക്കും അനന്യൻ തന്നെ. അതുകൊണ്ട് അവനെ വിശ്വസിച്ച് അനുസരിക്കുന്നവർക്ക് നിത്യജീവൻ അവൻ വാഗ്ദാനം ചെയ്തിട്ടുണ്ട്.

ഉയർത്തെഴുന്നേറ്റ ക്രിസ്തു ലോകാവസാനത്തോളം ശിഷ്യന്മാരോടുകൂടെ ഉണ്ടായിരിക്കും എന്നാണ് പറഞ്ഞിരുന്നത്(മത്തായി 28:20). യേശു മഹത്വത്തിന്റെ പ്രത്യാശയാണ്. നിലനിൽക്കുന്ന പ്രത്യാശ അവനിൽ മാത്രം ഉള്ളതാണ്. ഉയർത്തെഴുന്നേറ്റ ക്രിസ്തുവാണ് നമ്മെ വിശ്വാസത്താൽ നീതീകരിക്കുന്നത്. പിശാച് പാപത്താൽ നമ്മെ മരണത്തിന് ഏൽപിച്ചപ്പോൾ, മനുഷ്യപുത്രൻ മരണത്തെ നീക്കം ചെയ്ത് നമുക്ക് നിത്യജീവൻ നൽകാമെന്ന് പറഞ്ഞിരിക്കുന്നു. അവൻ എന്നേക്കും ഇരിക്കുന്നതുകൊണ്ട് മാറാത്ത പൗരോഹിത്യമാകുന്നു പ്രാപിച്ചിരിക്കുന്നത്. അതുകൊണ്ട് താൻ മുഖാന്തരം ദൈവത്തോട് അടുക്കുന്നവർക്ക് വേണ്ടി, പക്ഷവാദം ചെയ്വാൻ സദാ ജീവിച്ചിരിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു.

പാപിൾക്ക് വേണ്ടി അവരെ രക്ഷിപ്പാനും സഹായിപ്പാനും പക്ഷവാദം ചെയ്വാനും കർത്താവ് നമുക്ക് സമീപസ്ഥനായുണ്ട്. കർത്താവ് പറഞ്ഞിട്ടുള്ളതെല്ലാം സത്യമാണ്. അവൻ വീണ്ടും വരുമെന്ന് പറഞ്ഞിട്ടാണ് പോയത്. നമുക്ക് വേണ്ടി സ്ഥലം ഒരുക്കുവാനാണ് പോയിരിക്കുന്നത്. അവന്റെ വരവ് അപ്രതീക്ഷിതമായിരിക്കുമെന്ന് മുന്നറിയിച്ചിട്ടുണ്ട്. “കർത്താവിന്റെ ദിവസമോ കള്ളനെപോലെ വരും. അന്ന് ആകാശം ഒഴിഞ്ഞുപോകും, മൂലപദാർത്ഥങ്ങൾ കത്തിയഴിയും. ഭൂമിയും അതിലുള്ളതൊക്കെയും വെന്തുപോകയും ചെയ്യും(2പത്രൊസ് 3:10-12). അതുകൊണ്ട് നാം എത്ര വിശുദ്ധജീവിതം നയിക്കേണ്ടവരാണ് എന്ന് നമ്മെ ദൈവവചനം ഓർപ്പിക്കുന്നു.

*Watch!*

# SATHYANADAM

## TV PROGRAME

### TRUE GOSPEL MESSAGE

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

# പ്രാർത്ഥനയുടെ ശക്തി

## ഡെന്നി ലോയ്ഡ്

മിക്കവാറും എല്ലാവരും പ്രാർത്ഥനയെ കുറിച്ച് കേട്ടിട്ടുള്ള വരാണ്. എന്നാൽ എല്ലാവരും ഒരേ രീതിയിലല്ല പ്രാർത്ഥിക്കുന്നത്. ആളുകൾ പ്രാർത്ഥിക്കുവാൻ പഠിച്ചത് ആളുകളിൽനിന്ന് പാരമ്പര്യ മായിട്ടായതിനാൽ ആണ് ഈ വൈവിധ്യം സംഭവിച്ചത്. എന്നാൽ യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചിട്ടുണ്ട്. നമുക്ക് അനുകരിക്കാവുന്ന ഏക മാതൃക കർത്താവിന്റേതാണ്. അവൻ എപ്പോഴും പ്രാർത്ഥിക്കാറുണ്ടായിരുന്നു. രാത്രിയിലും പകലും വ്യത്യാസമില്ലാതെ ഏതു കാര്യവും തുടങ്ങുന്നതിന് മുൻപ് അവൻ പ്രാർത്ഥിക്കുമായിരുന്നു. തന്റെ അനുയായികളുടെ ആവ ശ്യപ്രകാരം യേശു അവരെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുമ്പോൾ അതിൽ ഉൾപ്പെടുത്തിയിരുന്ന കാര്യങ്ങൾ വളരെ പ്രസക്തമാണ്. പിതാവായ ദൈവത്തെ ബഹുമാനത്തോടെ സംബോധന ചെയ്യ ണം. ദൈവവും മനുഷ്യരും തമ്മിലുള്ള ആശയവിനിമയമാണ് പ്രാർത്ഥന.

നമ്മുടെ അഭയയാചന ദൈവസന്നിധിയിൽ എത്തുവാനും അതിന് മറുപടി ലഭിക്കുവാനും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളുണ്ട്. ആദ്യമായി നമ്മുടെ പ്രാർത്ഥനക്ക് ഒരു ദിശാബോധം ഉണ്ടായിരി ക്കണം. സ്വർഗത്തെ ലക്ഷ്യമാക്കിയായിരിക്കണം നാം ദൈവത്തോട് അപേക്ഷിക്കേണ്ടത്. സ്വർഗത്തിലേപ്പോലെ ഭൂമിയിലും ആകേണമേ എന്ന പ്രയോഗത്തിൽ ദൈവത്തിന്റെ ഇഷ്ടം നാം മാനിക്കണം എന്ന അർത്ഥമാണുള്ളത്(മത്തായി 6:1-13). കപടഭക്തിക്കാരെപ്പോലെയും ജാതികളെപോലെയും ആകരുത് എന്ന മുന്നറിയിപ്പും യേശു നൽകു ന്നുണ്ട്.

വിശ്വാസത്തോടുകൂടിയായിരിക്കണം നാം ദൈവത്തെ സമീ പിക്കേണ്ടത്. പലർക്കും ലഭിക്കാതിരിക്കുന്നതിന്റെ കാരണം അവർ വിശ്വാസത്തോടെ യാചിക്കാത്തതുകൊണ്ടാണ്. അർത്ഥരാത്രിയിൽ പൗലൊസും ശിലാസും തടവിൽ കിടന്നു പ്രാർത്ഥിച്ചപ്പോൾ അതിനു മറുപടി ലഭിച്ചു. തടവിന്റെ വാതിലുകൾ തുറക്കപ്പെടുകയും കാരാ ഗൃഹപ്രമാണി ഒടുവിൽ രക്ഷിക്കപ്പെടുകയും ചെയ്തു.

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ
വർഗ്ഗീസ്
പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും
രാവിലെ 6 മണിക്ക്
ജയ്ഹിന്ദ് ടിവിയിൽ
കേൾക്കുക!

**HEAR THE VOICE OF TRUTH ON RADIO**

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

Reg. No. K.Dis. 90095/86/A8. Reg. No. KL / TV (N) 22/2012-15

*Join us to worship God in Spirit and Truth*
*The*
# CHURCH OF CHRIST
Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378